(2) ഖാദി കമ്മിഷന്റെ മാർജിൻമണി പദ്ധതി.

(3) സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡി സ്കീം.

(ബി) പുതിയ പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

(സി) ഫെഡറേഷനുകളുടെ പ്രവർത്തനം ഖാദി ബോർഡ് പരിശോധിച്ചിട്ടുണ്ട്. സർക്കാർ പരിശോധിച്ചിട്ടില്ല.

(ഡി) ആറ് ഗ്രാമവ്യവസായങ്ങൾക്കാണ് ഇപ്പോൾ ഫെഡറേഷനുകൾ രൂപീകരിച്ചിട്ടുള്ളത്.

(1) തീപ്പെട്ടി വ്യവസായം

(2) സോപ്പ് വ്യവസായം

(3) ഇലക്ട്രോണിക്സ് വ്യവസായം

(4) തേനീച്ചവളർത്തൽ വ്യവസായം

(5) തുകൽ വ്യവസായം

(6) റബ്ബർ വ്യവസായം

ഇതിനുപുറമെ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ പാംഗ്രൂർ ഫെഡറേഷനും പ്രവർത്തിച്ചുവരുന്നു.

(ഇ) ഇക്കാര്യത്തിൽ ഖാദി ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്.

15 (*322) വനിതാ വികസന കോർപ്പറേഷന്റെ സ്വയംതൊഴിൽ പദ്ധതികൾ

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാവികസന കോർപ്പറേഷന്റെ വിവിധ സ്വയം തൊഴിൽ പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കഴിഞ്ഞ ഒരുവർഷം എത്ര ലക്ഷം രൂപ വായ്പ അനുവദിച്ചു;

(സി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) വനിതാ വികസന കോർപ്പറേഷൻ പുതിയ എന്തെല്ലാം സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ;

(ഇ) സ്വയം തൊഴിൽ പദ്ധതിക്കുള്ള വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതകൾക്ക് താഴെപ്പറയുന്ന വിധത്തിലുള്ള രണ്ടുതരം സ്വയംതൊഴിൽ പദ്ധതികൾക്കാണ് വായ്പ അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1. വ്യക്തികൾക്കുള്ള വായ്പകൾ

വ്യക്തികൾ ആരംഭിക്കുന്ന സ്വയംതൊഴിൽ പദ്ധതികൾക്ക് പ്രോജക്ട് തുകയുടെ 95% വരെ വായ്പയായി അനുവദിക്കുന്നു. ഈ വായ്പകൾ നൽകുന്നതിന് ദേശീയ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽനിന്നും ദേശീയ പിന്നോക്കവിഭാഗ ധനകാര്യകോർപ്പറേഷനിൽനിന്നും വനിതാവികസന കോർപ്പറേഷനു ലഭിക്കുന്ന വായ്പകൾ കൂടാതെ സംസ്ഥാന സർക്കാരിൽനിന്നുള്ള ധനസഹായവും ഉപയോഗിക്കുന്നു. കുടുംബ വാർഷിക വരുമാനം 22000/- രൂപയിൽ താഴെയുള്ളവർക്കാണ് വായ്പ അനുവദിക്കുന്നത്. വാർഷിക വരുമാനം 11000/- രൂപവരെയുള്ളവരിൽനിന്നും 7 ശതമാനം പലിശയും മറ്റുള്ളവരിൽനിന്നും 10 ശതമാനം പലിശയും ഈടാക്കുന്നു. സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾക്ക് 8 ശതമാനമാണ് പലിശ നിരക്ക്. വായ്പ തുക 5 വർഷംകൊണ്ട് തിരിച്ചടയ്ക്കണം.

2. സംഘടനകൾക്കുള്ള വായ്പ

മഹിളാ സമാജങ്ങൾ, വനിതാ വ്യവസായ സഹകരണ സംഘങ്ങൾ എന്നിവ ആരംഭിക്കുന്ന തൊഴിൽസംരംഭങ്ങൾക്ക് സംഘത്തിന്റെ മൂലധനം, സർക്കാരിന്റെ ഓഹരിപങ്കാളിത്തം, തദ്ദേശ സ്ഥാപനങ്ങൾ അനുവദിക്കുന്ന സഹായധനം എന്നിവ കഴിച്ച് പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ട തുക വായ്പയായി അനുവദിക്കുന്നു. 8 ശതമാനം ആണ് പലിശനിരക്ക്. വായ്പ 5 വർഷംകൊണ്ട് തിരിച്ചടയ്ക്കണം.

(ബി)&(സി) 1998-99-ൽ സ്വയംതൊഴിൽ പദ്ധതികൾക്ക് 156.97 ലക്ഷം രൂപയുടെ വായ്പ അനുവദിച്ചു. അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	48.50 ലക്ഷം രൂപ
കൊല്ലം	-	7.39 ലക്ഷം രൂപ
പത്തനംതിട്ട	-	1.78 ലക്ഷം രൂപ
ആലപ്പുഴ	-	14.28 ലക്ഷം രൂപ
കോട്ടയം	-	4.32 ലക്ഷം രൂപ
ഇടുക്കി	-	5.42 ലക്ഷം രൂപ
എറണാകുളം	-	31.04 ലക്ഷം രൂപ
തൃശ്ശൂർ	-	2.92 ലക്ഷം രൂപ
പാലക്കാട്	-	5.05 ലക്ഷം രൂപ
മലപ്പുറം	-	7.75 ലക്ഷം രൂപ
കോഴിക്കോട്	-	11.45 ലക്ഷം രൂപ
വയനാട്	-	3.11 ലക്ഷം രൂപ
കണ്ണൂർ	-	3.79 ലക്ഷം രൂപ
കാസർഗോഡ്	-	10.17 ലക്ഷം രൂപ

(ഡി) 1999-2000 വർഷത്തിൽ വനിതാ വികസന കോർപ്പറേഷൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ ചേർക്കുന്നു.

1. സ്വയം തൊഴിൽ പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

1999-2000 സാമ്പത്തിക വർഷത്തിൽ 1950 വനിതാ വ്യവസായ സംരംഭങ്ങൾക്കായി 725 ലക്ഷം രൂപ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു.

(2) കേന്ദ്രഗവൺമെന്റിന്റെ സ്റ്റെപ്പ് പദ്ധതി അനുസരിച്ച് കൊല്ലം, ആലപ്പുഴ, കാസർഗോഡ് എന്നീ ജില്ലകളിൽ 40 വനിതാ സംഘങ്ങൾ സ്ഥാപിക്കുവാനും അവയിലൂടെ 1500 വനിതകൾക്ക് ഭക്ഷ്യസംസ്കരണ മേഖലയിലും നോട്ട്ബുക്ക്-സ്റ്റേഷനറി നിർമ്മാണമേഖലയിലും തൊഴിൽ കണ്ടെത്താനും ഉദ്ദേശിക്കുന്നു.

(3) കേന്ദ്ര ഗവൺമെന്റിന്റെ നൊറാഡ് പദ്ധതി അനുസരിച്ച് തൊഴിൽസാധ്യതയുള്ള വിവിധ ട്രേഡുകളിൽ 2000 വനിതകൾക്ക് പരിശീലനം നൽകുന്ന പദ്ധതി.

(4) വസ്ത്രനിർമ്മാണത്തിനുള്ള ആധുനിക സാങ്കേതിക രീതികൾ പരിശീലിപ്പിക്കുന്നതിന് അപ്പാരൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ സാങ്കേതിക സഹായത്തോടെ 50 ലക്ഷം രൂപ ചെലവിൽ ഒരു അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈൻ സെന്റർ തിരുവനന്തപുരത്ത് മേനംകുളത്തുള്ള കിൻഫ്രാ ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

(ഇ) സ്വയംതൊഴിൽ വായ്പാ പദ്ധതികൾ പൂർണ്ണമായി നടപ്പാക്കുന്നതും അതുമൂലം ഉദ്ദേശിച്ചിട്ടുള്ള തൊഴിൽസാധ്യതകൾ സൃഷ്ടിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതുകൂടാതെ ഈ വായ്പയുടെ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനുവേണ്ടിയുമുള്ള വ്യവസ്ഥകളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ഇവ ലഘൂകരിക്കുന്നതുമൂലം ഈ ലക്ഷ്യങ്ങൾ നേടുന്നതിനും വായ്പ തിരിച്ചടയ്ക്കുന്നതിനും വീഴ്ച വരുവാൻ സാധ്യതയുള്ളതിനാൽ നടപടിക്രമങ്ങളിൽ ഇളവു വരുത്തുന്നത് അഭിലഷണീയമല്ല. എന്നാൽ നടപടിക്രമങ്ങൾമൂലം യഥാർത്ഥ ഗുണഭോക്താക്കൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാവാതിരിക്കാൻ കോർപ്പറേഷൻ പ്രത്യേകം ശ്രദ്ധിക്കുന്നുമുണ്ട്.

16 (*323) വിനോദ നികുതിവെട്ടിപ്പ് തടയുന്നതിന് നടപടി

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സിനിമാ പ്രദർശനശാലകളിലെ വിനോദ നികുതിവെട്ടിപ്പ് തടയുന്നതിന് എന്തെങ്കിലും പുതിയ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള പരിശോധനാ സംവിധാനം കാര്യക്ഷമമല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനാടിസ്ഥാനത്തിൽ സാങ്കേതിക പരിശോധനകൾ നടത്തുന്നിൽ എന്തെങ്കിലും സ്ഥിരസംവിധാനം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സിനിമാപ്രദർശനശാലകളുടെ കാര്യത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ സ്ഥിരസംവിധാനം ഏർപ്പെടുത്തി നികുതിവെട്ടിപ്പ് തടഞ്ഞ് പഞ്ചായത്തുകളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly